# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കംബനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജിസ്റ്റേഡ് ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004 website: www.kseb.in

**വിതരണവും വിവരസാങ്കേതിക വിദ്യയും മാനവ വിഭവശേഷി നിർവ്വഹണവും വിഭാഗം ഡയറക്ടറുടെ കാര്യാലയം**

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം 695004, കേരളം

***ഫോൺ: +91 471 2514685, 2514331 ഇ മെയിൽ: ddkseb@kseb.in***


D (D, IT & HRM)/ COVID 19/ 2019 – 2020/24      തീയതി. 01.10.2020

## പരിപത്രം

വിഷയം :- കോവിഡ് 19- ഓഫീസ് പ്രവർത്തനം ക്രമീകരിക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :- 1. 03.08.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/23

2. 22.08.2020 ലെ 31/F2/2020/H&FW നമ്പർ പ്രകാരമുള്ള, കോവിഡ് - 19 രോഗികളുമായി സമ്പർക്കത്തിൽ വന്നവരെ കണ്ടെത്തുന്നതിനും ക്വാറന്റീൻ ഏർപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

3. 22.09.2020 ലെ സർക്കാർ ഉത്തരവ് GO(Rt)No. 756/2020/DMD

4. 29.09.2020 ലെ സർക്കാർ കത്ത് നമ്പർ A1/153/2020/PD

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം, കോവിഡ്-19 ന്റെ വ്യാപനം തടയുന്നതിനുള്ള നിയന്ത്രണങ്ങൾ, സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചു എന്നും ഓഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുവാനായി കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളും പൂർണ്ണ തോതിൽ പ്രവർത്തിക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

03.08.2020 ലെ കോവിഡ് സർക്കുലർ പ്രകാരം എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും ഒരു റിസർവ് ടീം രൂപീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ഇതിനുശേഷം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാർ ലഭ്യമല്ലാത്തത് ദ്യുതി ഉൾപ്പടെയുള്ള വാർഷികപ്രവൃത്തികളുടേയും മറ്റു പ്രവൃത്തികളുടേയും സുഗമമായ പൂർത്തീകരണത്തിന് തടസ്സമാകുന്ന കാര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതു പരിഗണിച്ചുകൊണ്ട് ഇനിമുതൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ റിസർവ് ടീമിനെ നിലനിർത്തേണ്ടതില്ല എന്നും കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മുഴുവൻ ജീവനക്കാരേയും ഉൾപ്പെടുത്തിക്കൊണ്ട് ഡ്യൂട്ടി ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു. എന്നാൽ, ഔട്ട് സെന്ററുകൾ/ എക്സ്റ്റെൻഡഡ് ഓഫീസുകളുടെ പ്രവർത്തനം ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ തുടരേണ്ടതാണ്.

ഏതെങ്കിലും ജീവനക്കാരന്/ ജീവനക്കാർക്ക് കോവിഡ് സ്ഥിരീകരിച്ചാൽ ക്വാറന്റൈൻ മുതലായവ നിശ്ചയിക്കുന്നതിന് മേൽ സൂചന പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

പാലിക്കേണ്ടതും ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഫീസിന്റെ അത്യാവശ്യ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാർ ലഭ്യമല്ലാത്ത പക്ഷം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജീവനക്കാരുടെ പുനർ വിന്യാസം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണ്.

കോവിഡ് പോസിറ്റീവ് ആകുന്ന ജീവനക്കാർക്കും കൂടെ താമസിക്കുന്നവർക്ക് കോവിഡ് പോസിറ്റീവ് ആകുന്നപക്ഷം ക്വാറന്റൈനിൽ പോകേണ്ടവർക്കും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മുന്നേ നല്കിയിട്ടുള്ളതാണ്. അതോടൊപ്പം, ഓഫീസിലെ ജീവനക്കാരിൽ ആർക്കെങ്കിലും കോവിഡ് സ്ഥിരീകരിക്കുന്നപക്ഷം, സൂചന 2 അനുസരിച്ച് ഹൈ റിസ്ക് പ്രൈമറി കോൺടാക്റ്റിൽ വരുന്ന ജീവനക്കാർക്ക് ക്വാറന്റൈനിൽ പോകേണ്ടിവന്നാൽ, സ്പെഷ്യൽ ക്യാഷൽ ലീവ് അനുവദിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുന്നതിന് കൺട്രോളിങ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് പ്രത്യേക ഉത്തരവ് (Proceedings) കൺട്രോളിങ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിക്കേണ്ടതാണ്.

മേൽ സൂചന (4) സർക്കാർ കത്ത് പ്രകാരം ജില്ലാ ആസ്ഥാനങ്ങളിലെ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ആ ജില്ലയിലെ ഉൽപ്പാദന പ്രസരണ വിതരണവിഭാഗങ്ങൾ ഉൾപ്പടെയുള്ള എല്ലാ കാര്യാലയങ്ങളുടെയും കോവിഡ്-19 ന്റെ ചുമതലയുള്ള നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

സൂചനയിലെ 03.08.2020 തീയതി പ്രകാരമുള്ള പരിപത്രം ഈ പറഞ്ഞ മാറ്റങ്ങളോടെ പരിഷ്ക്കരിച്ചിരിക്കുന്നു.

Sd/-

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

എല്ലാ ഓഫീസ് മേധാവികൾക്കും